"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണം ഉപഭോക്തൃകാര്യ വകുപ്പ് - ജീവനക്കാര്യം - പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യപൊതുവിതരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/F&CS തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-
1. 25.02.2017 ലെ സ.ഉ(പി)നമ്പർ 3/2017/ഉഭപവ നമ്പർ ഉത്തരവ്
2. ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 49/2024 നമ്പർ കേസിൻമേലുള്ള 7/3/2024 ലെ ഉത്തരവ്
3. പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മിഷണറുടെ 28.01.2022 തീയതിയിലെ എ.1/28071/21 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിലാക്കായി കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് അസ്സോസിയേഷൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 49/2024 നമ്പരായി കേസ് ഫയൽ ചെയ്യുകയും, പരാമർശം (2) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും 31/5/2024 നകം ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് വേണ്ട നടപടി പൂർത്തിയാക്കണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവാകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മിഷണർ പരാമർശം (3) ലെ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരാമർശം (1) ഉത്തരവിലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പൊതുമാനദണ്ഡങ്ങളുടെയും, പരാമർശം (2) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിലേയ്ക്കായി

ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്

സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
2 .പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
4. റേഷനിംഗ് കൺട്രോളർ, പൊതുവിതരണ വകുപ്പ്,
5. എല്ലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
6. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
7. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമ്മാർക്കും(കമ്മീഷണർ മുഖാന്തിരം)
8. ഡയറക്ടർ, പബ്ലിക്ക് ഇൻഫർമേഷൻ വകുപ്പ് ( പ്രസിദ്ധീകരണത്തിനായി)
9. സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ
10. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
11. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ ആർ 14) വകുപ്പ്
12. ബഹു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി എസ് ന്
13. ജനറൽ സെക്രട്ടറി, കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് അസ്സോസിയേഷൻ
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്- ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം

Signed by
Suresh A E
Date: 05-06-2024 16:39:47

സെക്ഷൻ ഓഫീസർ